# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4493      27.06.2013-ലെ മറുപടിക്ക്

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (സി.ആർ.ഐ.പി.) പ്രകാരം മലപ്പുറം നഗരത്തിലെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | മലപ്പുറം നഗര റോഡ് വികസന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ-സ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെ നിയമിച്ചു. അവർ വിശദമായ പഠനത്തിനു ശേഷം ഏകദേശം 42 കി.മീ. ദൈർഘ്യമുള്ള 12 റോഡുകൾ വികസിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിൽബർസ്മിത്ത് കമ്പനി രൂപരേഖയും റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിശദമായ രൂപരേഖയും റിപ്പോർട്ടും ലഭിച്ചിട്ടില്ല. |
| (സി) നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുടർന്ന് പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും ചെയ്ത ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ